# രൺജിത്തിന് വിയോജനക്കുറിപ്പ്

എല്ലാ മലയാളിയുടെയും നിത്യജീവിതത്തിലേക്ക് നാം തന്നെ അറിയാതെ മാധ്യമങ്ങളിലൂടെയും വർത്തമാനങ്ങളിലൂടെയും ദൈനംദിന വ്യവഹാരങ്ങളിലൂടെയും അൽപ്പം രാഷ്ട്രീയം കടന്നുകൂടുന്നുണ്ട്. നമ്മുടെ ചുറ്റും നടക്കുന്ന രാഷ്ട്രീയ സ്ഥിതിഗതികളിൽ ആശങ്കപ്പെടാതെ, സാമൂഹ്യപ്രശ്നങ്ങളിൽ താൽക്കാലികമായെങ്കിലും ആകുലപ്പെടാതെ ആരും കടന്നുപോകുന്നില്ല. പക്ഷെ, നിത്യജീവിതത്തിലെ ഭൗതിക പ്രശ്നങ്ങളോട് (അത് രാഷ്ട്രീയമായി ബന്ധപ്പെട്ടതാണെങ്കിലും) സംവദിക്കാൻ മാത്രം സമയം കണ്ടെത്തേണ്ടിവരുന്ന നമുക്ക് രാഷ്ട്രീയം വിശകലനത്തിനും വിലയിരുത്തലിനും വിഷയമാകുന്നത് ഇലക്ഷൻ കാലത്തുമാത്രമാണ്. ഈ സാമൂഹിക രാഷ്ട്രീയ സംവിധാനത്തിനുള്ളിൽ പ്രവർത്തിക്കുന്നവർ എന്ന നിലയിൽ ജനകീയ സമരങ്ങളുടെ ഭാഗമായി ഉയർന്നുവരുന്ന സാമൂഹ്യ പ്രസ്ഥാനങ്ങൾ കേരള ജനത ഗൗരവമായി രാഷ്ട്രീയം ചർച്ചചെയ്യുന്ന ഇലക്ഷൻ സമയത്തേയും അതു മുന്നോട്ടുവെക്കുന്ന രാഷ്ട്രീയം സംസാരിക്കുന്നതിനും ജനങ്ങളിലെത്തിക്കുന്നതിനും ശ്രമിക്കേണ്ടതുണ്ട്.

ഗൗരവമായി രാഷ്ട്രീയം ചർച്ചചെയ്യുന്നു എന്നത് വിയോജിപ്പുള്ള കാര്യമായിരിക്കാം. എന്നാൽ നവോത്ഥാന മൂല്യങ്ങൾക്ക് എവിടെയൊക്കെയോ ഇന്നും ഇടമുള്ള കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ തിരഞ്ഞെടുപ്പിലെ ആഘോഷങ്ങൾക്കിടയിലും രാഷ്ട്രീയം നമ്മളറിയാതെ കടന്നുവരുന്നതിന്റെ സൂചനകൾ ഇലക്ഷനിൽ പലപ്പോഴും പ്രതിഫലിക്കാറുണ്ട്. ശശി തരൂരിനെ ഒരു ലക്ഷത്തിലേറെ വോട്ടിന് ജയിപ്പിച്ചാലും അയാൾ കോർപ്പറേറ്റുകളുടെ വക്താവാണെന്നും പ്ലാച്ചിമടയുടെ ശത്രുവാണെന്നുമുള്ള സൂചന പൊതുസമൂഹത്തിൽ നിലനിർത്താൻ കഴിയുക എന്നത് പ്രധാനമാണ്.

അത്തരമൊരു പ്രചരണത്തിന് അതിന്റേതായ വ്യാപ്തി നൽകാൻ ഇലക്ഷനു കഴിയും. മൂലമ്പിള്ളിയിലേയും മുരിയാടിലേയും സ്ഥാനാർത്ഥികൾ ഉദ്ദേശിച്ചതും അതുതന്നെയായിരുന്നു. ഇലക്ഷൻ പ്രക്രിയയ്ക്ക് പുറത്താണ് മൗലികമായ ജനാധിപത്യ രാഷ്ട്രീയമെന്ന് പറഞ്ഞ് നിങ്ങൾക്ക് മാറിനിൽക്കാം. പക്ഷേ, ഇന്നത്തെ സാഹചര്യത്തിൽ സമൂഹമൊന്നടങ്കം അതിവേഗത്തിൽ അരാഷ്ട്രീയവത്ക്കരിക്കപ്പെടുമ്പോൾ മുന്നിൽവരുന്ന എല്ലാ സാധ്യകളേയും ജനകീയ സമര പ്രസ്ഥാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

മൂലമ്പിള്ളിയുടെ പ്രതിഷേധം മൂവ്വായിരത്തിൽപ്പരം ആളുകളിൽ മാത്രം ഒതുങ്ങുന്നതായി വ്യാഖ്യാനിക്കാൻ എളുപ്പമാണ്. പക്ഷെ, വ്യാഖ്യാതാക്കൾ അറിയാതെപ്പോകുന്ന ഒന്നുണ്ട്. ഇലക്ഷൻപോലെ വിപുലമായ ജനാധിപത്യ പ്രക്രിയയിൽ മാധ്യമശ്രദ്ധ നേടുന്നതും മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ ചർച്ച ചെയ്യുന്നതും മാത്രമാണ് സ്വാധീനം ചെലുത്തുന്നതെന്ന് എങ്ങനെ പറയാൻ കഴിയും.

വോട്ടിന്റെ കണക്കുനോക്കിക്കൊണ്ട് മാത്രം മൂലമ്പിള്ളിയെ വിലയിരുത്താൻ കഴിയുമോ? തള്ളിക്കളയാൻ കഴിയുമോ? ഇന്നത്തെ മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ കൊണ്ടുനടക്കുന്ന കേവല രാഷ്ട്രീയ വിലയിരുത്തലിന്റെ ഭാഗമാണ് ഇത്തരം കണക്കുകൊണ്ടുള്ള കളികൾ. അതിനപ്പുറമുള്ള വിശാല രാഷ്ട്രീയത്തിന്റെ ഇടങ്ങളന്വേഷിക്കുമ്പോൾ വികസനത്തെക്കുറിച്ച് ഏറെ സംസാരിക്കുന്ന ഒരു തെരഞ്ഞെടുപ്പിൽ മൂലമ്പിള്ളി മുന്നോട്ടുവെയ്ക്കുന്ന വികസനത്തെക്കുറിച്ചുള്ള ചർച്ചകളും അതിന്റേതായ ഇടം കണ്ടെത്തേണ്ടതുണ്ട്. മേരി ഫ്രാൻസിസിന്റെ സ്ഥാനാർത്ഥിത്വം അതിനായുള്ള ഒരു പ്രചരണമാർഗ്ഗമായാണ് നമ്മൾ കാണേണ്ടത്. വോട്ടിന്റെ കണക്ക് വ്യാഖ്യാനിക്കുകയല്ല വേണ്ടത്. ഇത്തരം സ്ഥാനാർത്ഥിത്വങ്ങൾ നീണ്ടകാലത്തെ ലക്ഷ്യംവെയ്ക്കുന്ന ജനകീയ സമരങ്ങളുടെ രാഷ്ട്രീയ ഇടപെടലുകളിലെ ഒരു കണ്ണി മാത്രമാണ്.

നീണ്ടകാലത്തെ ലക്ഷ്യംവെച്ചുള്ള സ്ഥിരമായ രാഷ്ട്രീയ ഇടപെടലുകളിലൂടെയാണ് ജനകീയ പ്രസ്ഥാനങ്ങൾ ജനാധിപത്യവ്യവസ്ഥിതിയിൽ ഇടപെടേണ്ടതും ശരിയായ രാഷ്ട്രീയം രൂപീകരിച്ചെടുക്കേണ്ടതും അതുവഴി ദിശാബോധമുള്ള ഇച്ഛാശക്തിയുള്ള ഭരണ സംവിധാനങ്ങളെ നിർമ്മിച്ചെടുക്കേണ്ടതും. അതിനായി നിലവിലെ ജനാധിപത്യ സംവിധാനത്തിലെ എല്ലാ സാധ്യതകളേയും ഉപയോഗിക്കുകയാണ് വേണ്ടത്. അല്ലാതെ തിരഞ്ഞെടുപ്പിലെ പ്രവേശനം ദുർബലമായ ഞരക്കമായും മണ്ടൻ ആശയമായും വോട്ടിന്റെ കണക്കുകൊണ്ട് കാണുന്നത് ഇന്നത്തെ കേവല രാഷ്ട്രീയ സംവിധാനത്തിനകത്തുനിന്നുള്ള ഒരു വ്യവസ്ഥാപിത ചിന്ത മാത്രമാണ്.

**ശരത്**
കൊല്ലം

## ഹൃദ്യമായ ബേക്കർ അനുഭവം

വെളിച്ചമുള്ള, തണുപ്പുള്ള ഒരു വീടാണ് എന്റെ സ്വപ്നം. അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് ലാറി ബേക്കറാണ്.കഴിഞ്ഞ ലക്കത്തിൽ ലാറി ബേക്കറുമായുള്ള അഭിമുഖം വായിച്ചു. അദ്ദേഹത്തിന്റെ നിർമ്മാണ രീതിപോലെ ലാളിത്യം നിറഞ്ഞ ജീവിത്തിന്റെ നേർക്കാഴ്ച്ചയായിരുന്നു അഭിമുഖം സമ്മാനിച്ചത്. ലാറി ബേക്കറിന്റെ ലളിത ജീവിത്തിലെ ചില ചെറിയ ഏടുകൾ വായനക്കാർക്കുമുന്നിൽ തുറന്നിട്ടുതന്ന കേരളീയത്തിന് അഭിനന്ദനങ്ങൾ.

**മല്ലിക കെ.എൻ.**
നെടുമങ്ങാട്,
തിരുവനന്തപുരം